(ബി) പ്രസ്തുത പദ്ധതിക്കായുള്ള അപേക്ഷ അനെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷ പൂരിപ്പിച്ച് ഡയറക്ടറുടെ പേരിൽ മാറാവുന്ന 500 രൂപ ഡി.ഡി.യോടൊപ്പം അപേക്ഷിക്കുന്ന ആളിന്റെ ഫോട്ടോ പ്രൂഫ് ഐഡിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പിനോടും, ഇലക്ട്രിസിറ്റി ബില്ലിന്റെ കോപ്പിയോടുമൊപ്പം അപേക്ഷിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയ്ക്കായി പ്ലാന്റ് ഒന്നിന് 53,262 രൂപ കേന്ദ്ര സഹായവും 39,000 രൂപ സംസ്ഥാന സഹായവും നൽകി വരുന്നു.

(ഡി) അനെർട്ട് നടപ്പാക്കുന്ന പതിനായിരം സൗരഗൃഹ പദ്ധതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി അതാത് ഗൃഹങ്ങളിൽ തന്നെ സംഭരിച്ച് (ബാറ്ററിയിൽ) ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് ബന്ധിപ്പിക്കുന്നില്ല. നടപ്പു വർഷം കെ.എസ്.ഇ.ബി.-യുമായി ചേർന്ന് ശൃഖലാബന്ധിത സൗരഗൃഹപദ്ധതി അനെർട്ട് ആസൂത്രണം ചെയ്ത് വരുന്നു.

ഡീസൽ വൈദ്യുതി നിലയങ്ങൾ ഗ്യാസ് അധിഷ്ഠിതമാക്കാൻ പദ്ധതി

17 (4008) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡിസൽ വൈദ്യുതി നിലയങ്ങളിലെ യൂണിറ്റുകൾ ഗ്യാസ് അധിഷ്ഠിതമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയതിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നല്കികിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആദ്യഘട്ടത്തിൽ ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമാക്കി മാറ്റിയ എൽ. എൻ. ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കാനുള്ള (ഏകദേശം 36-42 MW) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. വൈദ്യുതി ബോർഡിന്റെ 3-3-2014-ലെ No. 568/2014 (CP/Plg. I/Brahmapuram) നമ്പർ ഓർഡർ പ്രകാരം ആദ്യഘട്ടമായി ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിലുള്ള കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി പ്രകൃതി വാതക ഇന്ധനം ഉപയോഗിച്ച് ഏകദേശം 36-42 MW സ്ഥാപിത ശേഷിയുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശം 144.8 കോടി രൂപ ചെലവാക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ ബ്രഹ്മപുരം ഡീസൽ നിലയത്തിൽ നിന്ന് പ്രകൃതിവാതകം ഉപയോഗിച്ച് 36-42 MW വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് കളമശ്ശേരിയിലുള്ള ചീഫ് എഞ്ചിനിയർ (തെർമൽ പ്രോജക്ടസ്)-ന്റെ കാര്യാലയത്തിൽ നിന്നും ടെണ്ടർ വിളിക്കുകയും ലഭിച്ച ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധന നടന്നു വരികയുമാണ്.

സൗജന്യ വൈദ്യുതി പോസ്റ്റുകൾ

18 (4009) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് വൈദ്യുതി പോസ്റ്റുകൾ സൗജന്യമായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) സൗജന്യം ലഭിക്കാത്ത ഉപഭോക്താക്കൾ, പോസ്റ്റ് ഒന്നിന് നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കി മാത്രമേ പോസ്റ്റ് സ്ഥാപിച്ച് നല്കുന്നതുൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ നല്കുവാൻ കഴിയുകയുള്ളൂ.

(ബി) 7 മീറ്റർ പോസ്റ്റിന് 1741 രൂപ

8 മീറ്റർ പോസ്റ്റിന് 2141 രൂപ

9 മീറ്റർ പോസ്റ്റിന് 3353 രൂപ

ഇടുക്കി മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

19 (4010) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി നിയോജക മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ.എസ്.ഇ.ബി. സബ് സ്റ്റേഷന്റെ അഭിവൃദ്ധിക്കായി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly